# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുലിയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-12/733/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/09/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുലിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-12/733/2021 തീയ്യതി: 24/09/2021

## ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ് .ആർ | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മിനി.പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി. സിന്ധ്യ.പി
അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീകാന്ത് സി.എസ്സ്
അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഉണ്ണിക്കൃഷ്ണൻ.സി.വി.
സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷൈലജ.റ്റി.റ്റി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീല.ആർ | സെക്രട്ടറി | 01-04-2019 | 05-05-2019 |
| ശ്രീല.ആർ | സെക്രട്ടറി | 08-06-2019 | 31-03-2020 |
| ബിന്ദു.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-05-2019 | 07-06-2019 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി | തീയതി |
|---|---|---|---|

| | | (മുതൽ) | (വരെ) |
|---|---|---|---|
| ഡോ.അമ്പിളി തങ്കപ്പൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| അജി സുജാതൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 30-09-2019 |
| പ്രീതാകുമാരി.പി.സി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-10-2019 | 31-03-2020 |
| ഡോ. പ്രദീപ് കുമാർ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2019 | 30-09-2019 |
| ഡോ.കൊച്ചുത്രേസ്യ. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-10-2019 | 31-03-2020 |
| ഡോ.ലേഖ.വി.കെ. | ആയുർവേദ മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |
| അമിതാമോൾ. കെ.പി. | അസി.എഞ്ചിനിയർ | 01-04-2019 | 29-07-2019 |
| ആതിരാ ബാബു | അസി.എഞ്ചിനിയർ | 01-08-2019 | 23-01-2020 |
| അനിൽകുമാർ. കെ. | അസി.എഞ്ചിനിയർ | 24-01-2020 | 31-03-2020 |
| മഞ്ജു ജോർജ്ജ് | വി.ഇ.ഒ | 01-04-2019 | 30-09-2019 |
| അജിത്ത് കുമാർ | വി.ഇ.ഒ | 01-10-2019 | 31-03-2020 |
| റജിമോൾ.റ്റി. | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ബിന്ദു.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| എ.സി ലീല | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| മഞ്ജുഷ.എൻ.എസ്സ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ആശ.എസ്സ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2019 | 30-09-2019 |
| ഡോ.ശ്രീലക്ഷ്മി.എസ്സ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-10-2019 | 31-03-2020 |

അസി.എഞ്ചിനിയർ തസ്തിക 30-07-2019 മുതൽ 31-07-2019 വരെ വേക്കന്റ് ആണ്.

<u>ഉള്ളടക്കം</u>



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Divya C S (Auditor, On 28-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Mini.P.Radhakrishnan (Audit Officer, On 28-07-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-07-2021) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Unnikrishnan C (Senior Grade Auditor, On 30-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ് ആൻഡ് പേയ്മെന്റ് കണക്കുകൾ പ്രകാരം)<br>Written By: Mini.P.Radhakrishnan (Audit Officer, On 29-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-09-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം ( എ).സി.ആർ പ്രകാരം )<br>Written By: Unnikrishnan C (Senior Grade Auditor, On 29-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-09-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 29-07-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-07-2021) | 1-5 |
| 7 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ( വാർഷിക കണക്കുകൾ പ്രകാരം)<br>Written By: Unnikrishnan C (Senior Grade Auditor, On 30-07-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 24-08-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Sindhya.P (Asst. Audit Officer, On 29-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-09-2021) | 1-7 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sindhya.P (Asst. Audit Officer, On 29-07-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 02-08-2021) | 1-8 |
| 10 | ക്യാഷ് വെരിഫിക്കേഷൻ നടത്തിയതിന്റെ വിവരങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 01-08-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 03-09-2021) | 1-9 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Mini.P.Radhakrishnan (Audit Officer, On 30-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-09-2021) | 1-10 |
| 12 | തൊഴിൽ നികുതി-മുഴുവൻ സ്ഥാപനങ്ങളെയും ഡിമാൻഡ് ചെയ്തീടാക്കുന്നില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 30-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-09-2021) | 1-11 |
| 13 | തൊഴിൽ നികുതി : ഓഡിറ്റ് ഇംപാക്റ്റ്<br>Written By: Unnikrishnan C (Senior Grade Auditor, On 30-07-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 23-09-2021) | 1-12-1 |
| 14 | ഓഡിറ്റ് ഇംപാക്റ്റ് - വികസനഫണ്ടിൽ നിന്നും തെറ്റായി പിൻവലിച്ച തുക ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തിരികെ ഒടുക്കി<br>Written By: Unnikrishnan C (Senior Grade Auditor, On 25-08-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-09-2021) | 1-12-2 |
| 15 | വസ്തുനികുതി: മുൻ പരാമർശങ്ങളിൽ നടപടി സ്വീകരിച്ചില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 30-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-09-2021) | 1-13 |
| 16 | തുല്യതാ പരീക്ഷാ പ്രോജക്ട് ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല<br>Written By: Sindhya.P (Asst. Audit Officer, On 30-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-09-2021) | 1-14 |
| 17 | GEM വഴി സാധനങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല<br>Written By: Sindhya.P (Asst. Audit Officer, On 30-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-09-2021) | 1-15 |
| 18 | ലൈഫ് ഭവന പദ്ധതി - അവലോകനം<br>Written By: Sindhya.P (Asst. Audit Officer, On 30-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-09-2021) | 1-16 |
| 19 | തുക നൽകി ഒരുവർഷത്തിന് ശേഷവും ഗ്ലൂക്കോമീറ്റർ ലഭ്യമായില്ല<br>Written By: Sreekanth C.S (Asst. Audit Officer, On 30-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-17 |
| 20 | പൂരകപോഷകാഹാര പരിപാടി- അങ്കണവാടിയുടെ സ്റ്റോക്ക് രജിസ്റ്ററിലും വിതരണത്തിലും അപാകം | 1-18 |

| | | |
|---|---|---|
| | Written By: Sreekanth C.S (Asst. Audit Officer, On 01-08-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-09-2021) | |
| 21 | നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി<br>Written By: Unnikrishnan C (Senior Grade Auditor, On 30-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-09-2021) | 1-19 |
| 22 | കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത മരാമത്ത് വർക്കുകളിൽ നിന്ന് ഫൈൻ ഈടാക്കിയിട്ടില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 30-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-09-2021) | 1-20 |
| 23 | ഗുണഭോക്തൃലിസ്റ്റിലില്ലാത്തയാൾക്ക് ആനുകൂല്യം നല്കി<br>Written By: Sindhya.P (Asst. Audit Officer, On 30-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-09-2021) | 1-21 |
| 24 | തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: Sindhya.P (Asst. Audit Officer, On 29-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-22 |
| 25 | പിഎച്ച്സിയിലേക്കുള്ള മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല<br>Written By: Sreekanth C.S (Asst. Audit Officer, On 31-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-23 |
| 26 | നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകയുടെ വിനിയോഗവിവരങ്ങളില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 01-08-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-09-2021) | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം<br>Written By: Mini.P.Radhakrishnan (Audit Officer, On 25-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 31-07-2021) | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 25-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 27-07-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 02-08-2021) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Mini.P.Radhakrishnan (Audit Officer, On 27-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 03-09-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Mini.P.Radhakrishnan (Audit Officer, On 27-07-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 02-08-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Mini.P.Radhakrishnan (Audit Officer, On 31-07-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 02-08-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Mini.P.Radhakrishnan (Audit Officer, On 27-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-09-2021) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 28-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 03-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 28-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 28-07-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-07-2021) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 27-02-2019തീയതിയിലെ 1ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 106988224.10 | 107933055 |
| വാർഷിക കണക്ക് പ്രകാരം(ഇൻകം &എക്സ്പെൻ്റിഡിച്ചർ പ്രകാരം) | 63175165 | 68182568 |

### 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ഓഡിറ്റിന് അയച്ച തീയതി/ഇ-സബ്മിറ്റ് ചെയ്ത തീയതി | കമ്മറ്റി തീരുമാനം നം./ തീയതി |
|---|---|---|
| 2019-20 | 22-05-20 | 2(1)/ 13-05-2020 |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1) Secured Loan RP-32 പ്രകാരം വരവായി എടുത്തിട്ടുണ്ട്. എന്നാൽ ലോൺ തുക ഹൌസിംഗ് പ്രോഗ്രാമുകൾക്കായി വിതരണം ചെയ്തതിനെ തുടർന്ന് RP-45 (Prepaid Programme Expense)ൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ തുക ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല.

2) ലോൺ തിരിച്ചടവിനായി ഉറവിടത്തിൽ കുറവ് ചെയ്ത 794118 രൂപ കണക്കുകളിൽ ഉൾപ്പെടുത്താത്തതിനാൽ 2019-20 ലെ ലോൺ ഇനത്തിലെ ബാധ്യത 8460000 എന്ന് തെറ്റായി കാണിക്കുന്നതിനിടയാക്കി.

3) 2019-20 ലെ താഴെ പറയുന്ന ഗ്രാൻ്റുകളുടെ ചെലവ് വെബ് സാംഖ്യയിൽ നിന്നുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ഗ്രാൻ്റ് | എ.എഫ്.എസ് പ്രകാരം | എ.സി.ആർ.പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 1 | വികസന ഫണ്ട്-പൊതു വിഭാഗം | 7151700 | 7195650 | 43950 |
| 2 | സംരക്ഷണ ഫണ്ട്-നോൺ റോഡ് | 1727324 | 1761086 | 33762 |

4) 2019-20 ൽ താഴെ പറയും പ്രകാരം ഗ്രാൻ്റുകളിൽ നിന്നും ഉറവിടത്തിൽ നിന്നുള്ള ഈടാക്കലുകൾ ഉണ്ടായിട്ടുണ്ട്. എന്നാലിത് വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല.

| | | |
|---|---|---|
| 1 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ്- ജനറൽ | 661765 |
| 2 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് - എസ്.സി.പി | 132353 |
| 3 | അങ്കണവാടി ജീവനക്കാരുടെ വേതനം ഇനത്തിൽ | 350400 |

5. വാർഡ് -12 ലെ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ (പ്രോജക്റ്റ് നം-163/20: 78934 രൂപ) , പി.എച്ച്.സിയുടെ കവാടം വൈദ്യുതീകരണം (പ്രോജക്റ്റ് നം-60/20: 50000 രൂപ) എന്നീ തുകകൾ അഡ്വാൻസായി നിർവ്വഹണ ഏജൻസികൾക്ക് കൈമാറിയെങ്കിലും ഈ തുകകൾ പേയ്മെൻ്റായാണ് അക്കൌണ്ട് ചെയ്തിരിക്കുന്നത്. ആയതിനാൽ പ്രവൃത്തി പൂർത്തിയാക്കപ്പെടാത്ത ഈ പ്രവൃത്തികൾ സംബന്ധിക്കുന്ന വിവരങ്ങൾ ബാലൻസ് ഷീറ്റിൻ്റെ B-18 പട്ടികയിലുൾപ്പെട്ടില്ല.
മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് -ചെലവുകൾ വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആൻഡ് പേയ്മെൻ്റ് കണക്കുകൾ പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,05,19,140.68 |
| വരവ് | 3,59,86,193 |
| ആകെ | 46505333.68 |
| ചെലവ് | 3,67,10,652 |
| നീക്കിയിരിപ്പ് | 97,94,681.68 |

### 1-4 ഫണ്ട് വിനിയോഗം ( എ.സി.ആർ പ്രകാരം )

| ക്രമ നം | ഫണ്ടിനം | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് | സോഴ്സ് ഡിഡക്ഷൻ | ചെലവ് | സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട്-പൊതുവിഭാഗം | 1,41,96,000 | 10,12,165 | 71,51,700 | 81,63,865 | 60,32,135 |
| 2 | വികസനഫണ്ട്-എസ്.സി.പി | 72,64,000 | 1,32,353 | 33,77,237 | 35,09,590 | 37,54,410 |
| 3 | വികസനഫണ്ട്-ടി.എസ്.പി | - | - | - | - | - |
| 4 | സംരക്ഷണ ഗ്രാന്റ് -റോഡ് | 65,14,000 | - | 19,11,822 | 1911822 | 4602178 |
| 5 | സംരക്ഷണഗ്രാന്റ് -നോൺ റോഡ് | 3251000 | - | 1727324 | 1727324 | 1523676 |
| 6 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 6921706 | - | 3441520 | 3441520 | 3480186 |

## 1-5 പദ്ധതി അവലോകനം

2019-20 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് ശതമാനം |
|---|---|---|---|---|---|---|---|
| 2019-20 | 177 | 8,76,00,532 | 169 | 2,41,31,941 | 89 | 8 | 95.4 |

## 1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ( വാർഷിക കണക്കുകൾ പ്രകാരം)

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1366 | 744355 | 745721 | 737368 | 8353 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 7939000 | 7939000 | 7939000 | |
| നൂറ് ദിവസത്തെ തൊഴിൽ പൂർത്തീകരിച്ചവർക്കുള്ള ബത്ത | | 279000 | 279000 | 279000 | |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 45960 | 32 |
| കർഷകതൊഴിലാളി പെൻഷൻ | 2592000 | 422 |
| വിധവാപെൻഷൻ | 3404400 | 606 |
| വാർദ്ധക്യകാലപെൻഷൻ | 7228200 | 1308 |
| വികലാംഗ പെൻഷൻ | 1282400 | 229 |
| അവിവാഹിതപെൻഷൻ | 78000 | 14 |

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2019-20 | 12/20 | --- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-08-2016 മുതൽ 02-09-2016 വരെ | 2011-12 മുതൽ 2015-16 വരെ | 3-10-2016 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ നടത്തിയതിന്റെ വിവരങ്ങൾ

2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള ക്യാഷ് വെരിഫിക്കേഷൻ റിപ്പോർട്ട് ഈ റിപ്പോർട്ടിന്റെയും ഭാഗമാകുന്നതാണ്.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതിയും ഫലപ്രാപ്തിയും കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കപ്പെടുന്നതായി മിനിറ്റ്സിൽ രേഖയില്ല. പഞ്ചായത്തിലെ വാഹനത്തിന്റെ ലോഗ്ബുക്ക് മാസാന്ത്യം ഇന്ധന ഉപഭോഗ നിരക്ക് രേഖപ്പെടുത്തുന്നുവെങ്കിലും രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തുന്നില്ല. 14-09-2020 ന് ശേഷം ഇന്ധന ക്ഷമത പരിശോധിച്ചതായി കാണുന്നില്ല. പൊതുമരാമത്ത് വർക്കുകളിൽ കരാറുകാരനുമായി എഗ്രിമെന്റ് വെയ്ക്കുമ്പോൾ കരാർ കാലാവധി രേഖപ്പെടുത്തുന്നില്ല.

ആഭ്യന്തരനിയന്ത്രണത്തിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കുവാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി-മുഴുവൻ സ്ഥാപനങ്ങളെയും ഡിമാൻഡ് ചെയ്തീടാക്കുന്നില്ല

തൊഴിൽ നികുതി ഇനത്തിൽ, ഗ്രാമപഞ്ചായത്ത് ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതായ മുഴുവൻ തുകകളും ഈടാക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ലായെന്ന് 2018-19 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും താഴെ പറയുന്ന സ്ഥാപനങ്ങളെയോ സ്ഥാപനങ്ങളിലെ ജീവനക്കാരെയോ തൊഴിൽ നികുതി നാളിതുവരെയും ചുമത്താനായില്ല. സ്ഥാപനങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1 | റേഷൻ ഷോപ്പുകൾ -11 എണ്ണം |
| 2 | ഇലഞ്ഞിമേൽ ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നം.A224(D) APCOS |
| 3 | പാലാഴി ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നം.A286(D) APCOS |
| 4 | പുലിയൂർ ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നം.A226(D) APCOS |
| 5 | പേരിശ്ശേരി ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നം.A37(D) APCOS |
| 6 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, പുലിയൂർ |
| 7 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, ഇലഞ്ഞിമേൽ |
| 8 | ചേരി തെക്കേതിൽ നിധി ലിമിറ്റഡ്, പുലിയൂർ |
| 9 | ലക്ഷ്മി ഫൈനാൻസിയേഴ്സ്, പുലിയൂർ |

തൊഴിൽ നികുതി കുടിശ്ശിക സഹിതം ഡിമാൻഡ് ചെയ്തീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-12-1 തൊഴിൽ നികുതി : ഓഡിറ്റ് ഇംപാക്റ്റ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ബ്ലോക്ക് തലത്തിലുള്ള പ്രോഗ്രാം ഓഫീസിൽ കരാർ അടിസ്ഥാനത്തിൽ നിയമിതരായിട്ടുള്ളവരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയിട്ടില്ലായെന്ന് 2018-19 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു (ഖണ്ഡിക നം- 1-19 (2)). തുടർന്ന് പഞ്ചായത്ത് എം.ജി.എൻ.ആർ.ഇ.ജി.എസ് ബ്ലോക്ക് പ്രോഗ്രാം ഓഫീസിലെ കരാർ ജീവനക്കാരെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കുകയും ചെയ്തു. ഇത് ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി വാർഷിക ഡിമാൻഡിൽ 5000/-രൂപയുടെ വർദ്ധനവ് ഉണ്ടാക്കി. 2018-19 മുതൽ 2020-21 വരെ ടി സ്ഥാപനത്തിൽ നിന്നും ഗ്രാമപഞ്ചായത്തിന് തൊഴിൽ നികുതി കുടിശ്ശികയായി 12,000/-രൂപ ലഭ്യമായിട്ടുണ്ട്.

## 1-12-2 ഓഡിറ്റ് ഇംപാക്റ്റ് - വികസനഫണ്ടിൽ നിന്നും തെറ്റായി പിൻവലിച്ച തുക ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തിരികെ ഒടുക്കി

2019-20 വർഷത്തെ പ്ലാൻ ഫോർമുലേഷൻ, ഇംപ്ലിമെന്റേഷൻ, മോണിട്ടറിംഗ് പ്രോജക്റ്റിന്റെ ഫണ്ടിൽ നിന്നും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി നൽകിയ വിൻഡോ പരസ്യ ചെലവുകൾ ഗ്രാമപഞ്ചായത്ത് നൽകിയിരുന്നു. ഇപ്രകാരം നൽകിയ പരസ്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം- 32/20 പദ്ധതി രൂപീകരണ നിർവ്വഹണ മോണിട്ടറിംഗ്-തെറ്റായി പിൻവലിച്ച ചെലവുകൾ | | | |
|---|---|---|---|
| പരസ്യം നൽകിയ പത്രം | തീയതി | തുക | പരസ്യത്തിന്റെ വിഷയം |
| ദേശാഭിമാനി | 5/01/20 | 3856 | MGNRGES -ടെണ്ടർ പരസ്യം |
| ദേശാഭിമാനി | 18-01-20 | 3213 | MGNRGES -ടെണ്ടർ പരസ്യം |
| ആകെ | | 7069 | |

ഫണ്ട് മാറി ചെലവ് ചെയ്ത വിവരം ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം- 19/27-07-2021 മുഖാന്തിരം സെക്രട്ടറിയെ അറിയിച്ചതിനെ തുടർന്ന് 29-07-2021 ൽ 7069 രൂപ ഗ്രാമപഞ്ചായത്ത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടച്ചു. (സെക്രട്ടറിയുടെ 29/07/21 ലെ മറുപടി ) . ഭാവിയിൽ ഇത്തരത്തിലുള്ള അപാകങ്ങൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി: മുൻ പരാമർശങ്ങളിൽ നടപടി സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഡേറ്റാബേസ് പരിശോധിച്ചതിൽ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള 1-14, 1-15, 1-16 ഖണ്ഡികകളിൻമേൽ പഞ്ചായത്ത് ഡേറ്റാപ്യൂരിഫിക്കേഷൻ മുഖാന്തിരമുള്ള തിരുത്തൽ നടപടികൾ സ്വീകരിച്ചിട്ടില്ല. തനത് വരുമാന വർദ്ധനവ് മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതും പരിഹാരനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-14 തുല്യതാ പരീക്ഷാ പ്രോജക്ട് ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം . 69/20

പ്രോജക്ടിന്റെ പേര് - തുടർ സാക്ഷരതാ പ്രവർത്തനവും തുല്യതാ പഠിതാക്കൾക്ക് സഹായവും

നിർവഹണ ഉദ്യോഗസ്ഥ -എച്ച്. എം.

മേൽ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ 44,700/- രൂപ ട്രഷറി ബിൽ നം. 08/19-20/17-03-2020 ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.പത്താം തരം തുല്യതാ കോഴ്സ് -2 പഠിതാക്കൾ
2.ഹയർ സെക്കൻഡറി തുല്യതാ കോഴ്സ്ആദ്യവർഷം- 6 പഠിതാക്കൾ
3.ഹയർ സെക്കൻഡറി തുല്യതാ കോഴ്സ് രണ്ടാം വർഷം-6പഠിതാക്കൾ

ടി തുകയുടെ കൈപ്പറ്റ് രസീത് നാളിതുവരെയും സാക്ഷരതാമിഷനിൽ നിന്നും ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല . ടി പഠിതാക്കൾ നാളിതുവരെയും പരീക്ഷയും എഴുതിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ എൻക്വയറി നം- 07 തീയതി 28/07/21) ന് നല്കിയ മറുപടിയിൽ കോവിഡ് 19 പകർച്ച വ്യാധി മൂലം പരീക്ഷ 2020-21 വർഷം നടന്നില്ലെന്നും 2021 ജൂലൈയിൽ പരീക്ഷ തുടങ്ങുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൈപ്പറ്റ് രസീത് എത്രയും വേഗം സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പരീക്ഷയുടെ വിശദാംശങ്ങൾ, സാക്ഷരതാമിഷനിൽ നിന്നുള്ള കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കുന്നതുവരെ ചെലവ് തുക താല്ക്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു.

## 1-15 GEM വഴി സാധനങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

വിവിധ നിർവഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകൾ പ്രകാരം 2019-20, 2020-21 വർഷങ്ങളിലായി ധാരാളം വാങ്ങലുകൾ നടത്തിയിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടലായ GEM വഴി സാധനങ്ങൾ വാങ്ങാൻ നടപടി സ്വീകരിച്ചിട്ടില്ല. സ.ഉ (പി) നം. 07/19/SDP/26-04-19 പ്രകാരം 25000/- രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെ വാങ്ങലുകൾക്ക് ആഹാര പദാർത്ഥങ്ങൾ,മെഡിക്കൽ ലബോറട്ടറി ഉപകരണങ്ങളുടെ വാങ്ങൽ എന്നിവ ഒഴികെ GEM നിർബന്ധമാക്കിയിട്ടുണ്ട്. സ.ഉ. (പി) നം. 07/19/എസ്.ഡി.പി./26.04.2019 പ്രകാരം സ്റ്റേഷനറി വകുപ്പ്, ഫയർ ആന്റ് റെസ്ക്യൂ സർവീസസ്, കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റി മുതലായ സ്ഥാപനങ്ങളെയും ഒഴിവാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ മേൽസൂചിപ്പിച്ച അപാകത ഒഴിവാക്കേണ്ടതാണ്.

## 1-16 ലൈഫ് ഭവന പദ്ധതി - അവലോകനം

2019-20 സാമ്പത്തിക വർഷത്തിൽ ലൈഫ് ഭവന പദ്ധതി സംബന്ധിച്ച് വി.ഇ.ഒ . സമർപ്പിച്ച മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | തൻവർഷം കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം | | തൻവർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | | മുൻ വർഷം കരാർ വച്ചതും തൻ വർഷം ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. |
| 2019-20 | 4 | 4 | 4 | 3 | 15 | 4 |

ആകെ ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതി വിഹിതം | ബ്ലോക് വിഹിതം | ജില്ലാ വിഹിതം | ലോൺ | സ്റ്റേറ്റ് വിഹിതം | ആകെ |
|---|---|---|---|---|---|---|
| 2019-20 | 1938350 | 2462940 | - | 440000 | 2145450 | 7026740 |

ലൈഫ്ഭവന പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് 2019-20 സാമ്പത്തിക വർഷം കരാർ വച്ചവരിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ഗുണഭോക്താവിന്റെ പേര് | വാർഡ് | ഇതുവരെ കൈപ്പറ്റിയ ആകെ തുക |
|---|---|---|---|
| 2019-20 | രാജൻ.ബി, ജിൻസി ഭവൻ ( എസ്. സി.) | 10 | 360000 |

ടി ഗുണഭോക്താവിന്റെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതും വിശദവിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-17 തുക നൽകി ഒരുവർഷത്തിന് ശേഷവും ഗ്ലൂക്കോമീറ്റർ ലഭ്യമായില്ല

1) പ്രോജക്ടിന്റെ പേര് - വൃദ്ധർക്ക് ഗ്ലൂക്കോമീറ്റർ വിത്ത് സ്ട്രിപ്പ് (ജനറൽ )

പ്രോജക്റ്റ് നം. - എസ്സ് 0040/ 20

ചെലവ് - 167155/- രൂപ

ബിൽ നമ്പർ - 10/ 2019-20,തീയതി- 21.01.2020

2) പ്രോജക്ടിന്റെ പേര് - ഗ്ലൂക്കോമീറ്റർ വിത്ത് സ്ട്രിപ്പ് (എസ്സ് സി )

പ്രോജക്റ്റ് നം. - എസ്സ് 0041/ 20, തീയതി- 17.03.2020

ചെലവ് - 109091/- രൂപ

ബിൽ നമ്പർ - 11/19-20

വൃദ്ധർക്ക് ഗ്ലൂക്കോമീറ്റർ വിത്ത് സ്ട്രിപ്പ് (ജനറൽ )പദ്ധതി പ്രകാരം 95 എണ്ണം ഗ്ലൂക്കോമീറ്ററുകളും അതേ എണ്ണം സ്ട്രിപ്പുകളും വാങ്ങുന്നതിന് 167155/- രൂപയും എസ്സ് സി വിഭാഗം പദ്ധതിയിൽ പെടുത്തി 109091/- രൂപയും വികസനഫണ്ടിൽ നിന്ന് മെഡിക്കൽ സർവീസസ് കോർപറേഷന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി പ്രസ്തുത ഉപകരണം ലഭിച്ചിട്ടില്ല. ഇതുസംബന്ധമായ തൽസ്ഥിതിയും സ്വീകരിച്ച നടപടികളും അറിയിക്കുവാൻ ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.27/30-07-2021) മറുപടിയിൽ മെഡിക്കൽ സർവീസസ് കോർപ്പറേഷന് ഇത് സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ടെന്നും ഉപകരണങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2019-20 പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങാനുദ്ദേശിച്ച രോഗപരിശോധനാ ഉപകരണങ്ങൾ നാളിതുവരെയും ലഭിച്ചിട്ടില്ലെന്നതിനാൽ രണ്ട് പ്രോജക്ടുകൾക്കായി ചെലവഴിച്ച തുക 276246/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18 പൂരകപോഷകാഹാര പരിപാടി- അങ്കണവാടിയുടെ സ്റ്റോക്ക് രജിസ്റ്ററിലും വിതരണത്തിലും അപാകം

പദ്ധതി നമ്പർ - എസ്സ്.0056/2020 (2019-20)

അടങ്കൽ - 1500000

ചെലവ് - 700000

അനുപൂരക പോഷകാഹാര പരിപാടിയിൽ ഉൾപ്പെടുത്തി അങ്കണവാടികൾ വഴി വിതരണം നടത്തിയിട്ടുള്ള അമൃതം ഫുഡ് സപ്ലിമെന്റിന്റെമായി ബന്ധപ്പെട്ട് 125, 137 നമ്പർ അങ്കണവാടികളിലെ സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധിച്ചതിൽ അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. നൽകിയിട്ടുള്ള അമൃതം പാക്കറ്റുകളുടെ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള അളവുകൾക്ക് മെയിൻ സ്റ്റോക്ക് രജിസ്റ്ററിലെ അളവുകളുമായി ചില ദിവസങ്ങളിൽ വ്യത്യാസങ്ങളുണ്ട്. ഉദാഹരണത്തിന് 13-04-2019, 26-08-2019, 26-09-2019, 15-11-2019 എന്നീ തീയതികളിൽ യഥാക്രമം 6, 4.5, 4, 4.5 കിലോ വീതം കുറച്ചാണ് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ 06 മാസം മുതൽ 03 വർഷം വരെ പ്രായമുള്ള കുട്ടികൾക്കു നൽകുന്ന അമൃതം ഫുഡ് സപ്ളിമെന്റ് വിതരണത്തിന്റെ കാര്യത്തിൽ ജനനതീയതി തിരുത്തിയിട്ടുള്ളതായും പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, രജിസ്റ്ററുകളിൽ വന്നിട്ടുള്ള പിഴവുകൾ യഥാസമയം പരിശോധിച്ച് ബോധ്യപ്പെട്ട് ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തി യഥാസമയം സി.ഡി.പി.ഒ യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും ശിക്ഷണ നടപടിയുടെ ഭാഗമായി അംഗനവാടി ജീവനക്കാരിയെ പ്രസ്തുത അംഗനവാടിയിൽ നിന്നും സ്ഥലം മാറ്റുകയും സ്റ്റോക്കിൽ കുറവായ സാധനങ്ങൾ വാങ്ങി വെയ്പ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. ഇൻസ്പെക്ഷൻ റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കി. ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ അംഗനവാടികളിൽ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി സ്റ്റോക്ക് വിവരങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി

പ്രോജക്റ്റിന്റെ പേര്- തെരുവ് വിളക്ക് മെയിന്റനൻസ്

പ്രോജക്റ്റ് നം-37/20

അടങ്കൽ-4,55,000

ബിൽ നം- 21/19-20 തീയതി. 20-01-21

ചെലവ്- 448500 (399165 + 4485 + 44850)

സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് മെയിന്റനൻസ് എന്ന പ്രോജക്റ്റിന്റെ ടെണ്ടറിൽ പങ്കെടുത്ത് കുറഞ്ഞ തുക ക്വോട്ട് ചെയ്ത ജയ് മോൻ കെ.പി, കീരം പാടത്തിൽ രാമമംഗലം പി.ഒ, എറണാകുളം എന്നയാളാണ് പ്രവർത്തി ഏറ്റെടുത്തിരുന്നത്. ടിയാളുടെ 15-11-2019 ലെ ബിൽ പ്രകാരം 448500/- രൂപയിൽ നിന്നും 4485/- രൂപ IT, 44850/- രൂപ (റിറ്റൻഷൻ തുക) എന്നിവ കിഴിച്ച ശേഷം 399165/- രൂപ നൽകിയിട്ടുണ്ട്. ഈ ബില്ലിൽ നിന്നും നിയമാനുസൃത പിൻവലിക്കലുകളായ 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം 2 % ജി.എസ്.റ്റി (റ്റി.ഡി.എസ്) എന്നിവ കുറവ് ചെയ്തിട്ടില്ലാത്തതായി കാണുന്നു. 1-10-18 മുതൽ ഒറ്റ കോൺട്രാക്റ്റിൽ രണ്ടര ലക്ഷം രൂപക്ക് മുകളിലുള്ള വർക്ക് കോൺട്രാക്റ്റുകളുടെ

ബില്ലിൽ നിന്നും 2% ജി.എസ്.റ്റി (റ്റി.ഡി.എസ് ) പിടിക്കണം.(CBEC Circular No.65/39/2018-DOR Dated 14-09-18). വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-20 തീയതി.27-07-21 ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ടി നിയമാനുസൃത ഈടാക്കലുകൾ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തുന്നതാണെന്ന് അറിയിച്ചു. റ്റി.ഡി.എസ് ഇനത്തിൽ കുറക്കേണ്ടിയിരുന്ന തുക, നിർമ്മാണതൊഴിലാളിക്ഷേമനിധി വിഹിതമിനത്തിൽ കുറക്കേണ്ടിയിരുന്ന തുക എന്നിവ (13455/-രൂപ)ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ ഒടുക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-20 കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത മരാമത്ത് വർക്കുകളിൽ നിന്ന് ഫൈൻ ഈടാക്കിയിട്ടില്ല

പ്രവർത്തി പൂർത്തിയാക്കാത്ത സാഹചര്യങ്ങളിൽ പൂർത്തീകരണ കാലാവധിയുടെ 25% അല്ലെങ്കിൽ ആറുമാസം ഏതാണോ കുറവ് അത് അനുവദിക്കാവുന്നതാണെന്നും പരമാവധി കാലാവധി ആ പ്രവർത്തിയുടെ അനുവദനീയ കാലാവധിയുടെ പകുതി മാത്രമായിരിക്കും എന്നും സർക്കുലർ നം.എസി.2/223/2015 തീയതി. 18-8-2018 പ്രകാരം വ്യവസ്ഥചെയ്തിട്ടുണ്ട്.കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത മരാമത്ത് വർക്കുകളുടെ ബില്ലിൽ നിന്നും ആദ്യത്തെ മൂന്നുമാസം വരെ കരാർ തുകയുടെ 1% വും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) പിന്നീടുള്ള ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2 % വും ഫൈൻ ഈടാക്കാവുന്നതാണ് (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000). യഥാസമയം പൂർത്തീകരിച്ചിട്ടില്ലാത്ത പൊതുമരാമത്ത് പ്രവൃത്തികളിൽ ,കരാർ കാലയളവ് ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ പിഴ ഈടാക്കിക്കൊണ്ട് കരാർ കാലയളവ് ദീർഘിപ്പിക്കുകയോ സപ്ലിമെന്ററി കരാർ ഉണ്ടാക്കുകയോചെയ്തിട്ടില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു. കരാറുകാരനിൽ നിന്ന് പിഴ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| പദ്ധതിയുടെ പേര്<br>എം.ബുക്ക്.നമ്പർ<br>കരാറുകാരന്റെ പേര്/<br>കരാർ തീയതി | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | എം. ബുക്കിൽ അവസാന അളവ് രേഖപ്പെടുത്തിയ തീയതി | ഈടാക്കേണ്ട<br>പിഴ |
|---|---|---|---|
| പോസ്റ്റ്ഓഫീസ്പ്പടി റോഡ് മെയിന്റനൻസ്.<br>പ്രോജക്ട്നം.S0021/19<br>ശ്രീ.കെ.പി.ഹരിദാസ്.<br>എം.ബുക്ക്നം.162/18-19,169/18-19<br>എഗ്രിമെന്റ് നം. തീയതി. 18/AE/LSGD/PGP/18-19 തീയതി 28-07-2018<br>കരാർതുക -354022 | 5 മാസം<br>6-01-2019 | 21-03-2019 | 7-01-19മുതൽ 21-03-2019 വരെ<br>354022*1/100<br>ആകെ 3540/- - |
| പെരിയാത്ത്-പന്ത്രണ്ടിൽപ്പടി റോഡ് റിടാറിംഗ്<br>പ്രോജക്ട്നം.S0030/19<br>ശ്രീ.കെ.പി.ഹരിദാസ്.<br>എം.ബുക്ക്നം.150/18-19,<br>എഗ്രിമെന്റ് നം. തീയതി. 16/AE/LSGD/PGP/18-19 തീയതി 28-07-2018<br>കരാർതുക -212705 | 5മാസം<br>6-01-2019 | 18-03-2019 | 6-01-2019 മുതൽ 18-03-2019 വരെ 212705*1/100-2127 |
| മലയൂഴം കോളനി കാട്ടിൽപ്പടി റോഡ് മെയിന്റനൻസ്<br>കരാറുകാരൻ<br>സുജിത്കുമാർ.എസ്സ്.<br>എം.ബുക്ക് നം.164/19<br>കരാർതുക 349846/-<br>കരാർ നം.14/AE/LSGD/PGP/18-19<br>DATED 28-07-2018 | 5മാസം<br>6-01-2019 | 27-03-2019 | 6-01-2019 മുതൽ27-03-2019 വരെ<br>349846*1/100 --<br>-3498/- |

ആകെ 9165/-രൂപ ഫൈൻ ഇനത്തിൽ ഈടാക്കേണ്ടതാണ്.ഫൈൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി വിവരമറിയിക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായിരിക്കുന്നതാണ്.

## 1-21 ഗുണഭോക്തൃലിസ്റ്റിലില്ലാത്തയാൾക്ക് ആനുകൂല്യം നല്കി

പ്രോജക്ട് നം - 45/20

പ്രോജക്ടിന്റെ പേര് - ഗ്രോബാഗ് പച്ചക്കറിക്കൃഷി തിരിനന സമ്പ്രദായത്തിലൂടെ

നിർവഹണ ഉദ്യോഗസ്ഥ – കൃഷി ഓഫീസർ

ഈ പ്രോജക്ടിൽ ,തിരിനന സമ്പ്രദായത്തിലൂടെ ഗ്രോബാഗിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി ഒരു യൂണിറ്റിൽ 25 ഗ്രോ ബാഗ് വീതം 16 യൂണിറ്റ് വാങ്ങി 16 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഗ്രോബാഗും അനുബന്ധ സാധനങ്ങളും കാർഷിക കർമ്മസേനയാണ് ഹരിതശ്രീ ഇക്കോഷോപ്പിൽ നിന്നും വാങ്ങി കർഷകർക്ക് വിതരണം ചെയ്തിട്ടുള്ളത്. ഇതിന്റെ ചെലവിന്റെ ഭാഗമായി 100000/- രൂപ പിൻവലിച്ച് (ട്രഷറി ബിൽ നം - 01/19-20/23-09-19 ) കാർഷിക കർമ്മസേനക്ക് നല്കിയിട്ടുണ്ട്. എന്നാൽ ചെലവ് രേഖകൾ, ഗുണഭോക്തൃലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ ഗുണഭോക്തൃലിസ്റ്റിലില്ലാത്തയാൾക്ക് ആനുകൂല്യം നല്കിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വാർഡ് നം. |
|---|---|
| നന്ദിനി, സുധീഷ് കുമാർ | 11 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 22/26-07-21 ന് നല്കിയ മറുപടിയിൽ നന്ദിനി, സുധീഷ് കുമാർ എന്നയാളുടെ പേര് ഗ്രാമസഭയിൽ വച്ച് അംഗീകരിക്കാൻ കമ്മിറ്റി തീരുമാനമെടുത്തതായും കോവിഡിന്റെ പശ്ചാത്തലത്തിൽ ഗ്രാമസഭകൾ കൂടുന്നതിന് തടസ്സം നേരിട്ടതായും അറിയിച്ചു. ടി ഗുണഭോക്താവിന്റെ പേര് ഗ്രാമസഭയിൽ വച്ച് അംഗീകരിക്കേണ്ടതും വിശദ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക താല്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു.

## 1-22 തൊഴിലുറപ്പ് പദ്ധതി അവലോകനം

2019-20 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| വർഷം | ആക്ഷൻ പ്ലാൻ അനുസരിച്ച് അനുമതി ലഭിച്ച പ്രവർത്തികളുടെ എണ്ണം | നടപ്പാക്കിയ സ്പിൽ ഓവർ പ്രവർത്തികളുടെ എണ്ണം | നടപ്പാക്കിയ പുതിയ പ്രവർത്തികളുടെ എണ്ണം | പൂർത്തിയാക്കിയ സ്പിൽ ഓവർ പ്രവർത്തികൾ | പൂർത്തിയാക്കിയ പുതിയ പ്രവർത്തികൾ | പുതിയതായി രജിസ്റ്റർ ചെയ്ത തൊഴിലാളികൾ | ആകെ തൊഴിലാളികൾ | 100 തൊഴിൽ ദിനം പൂർത്തീകരിച്ച കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| 2019-20 | 302 | 20 | 80 | 20 | 57 | 59 | 1598 | 309 |

ആകെ ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു .

| വർഷം | വേജസ് | മെറ്റീരിയൽസ് | അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് |
|---|---|---|---|
| 2019-20 | 17829856 | 769300 | 919260 |

## 1-23 പിഎച്ച്സിയിലേക്കുള്ള മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല

പദ്ധതി നം-എസ്സ്. 0024/20

ചെലവ്- 300000/-

ബിൽ നം. 07/2019-20 /26.11.2020

മേൽ പദ്ധതിയിലുൾപ്പെടുത്തി പുലിയൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി 2019-20 കാലയളവിൽ 300000/- രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ 262939/- രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. 37061/-രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുള്ളതായി സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.-25/30-07-21 നുള്ള മറുപടിയിൽ ഇക്കാര്യത്തിൽ ആവശ്യമായ കത്തിടപാടുകൾ നടത്തിയിട്ടുണ്ടെന്നും ആയത് ഉടൻ ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകയുടെ വിനിയോഗവിവരങ്ങളില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്റ്റുകളിൽ നിർവ്വഹണ ഏജൻസിക്ക് നൽകിയ മുൻകൂർ തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമായിരുന്നില്ല.

| പ്രോജക്റ്റിന്റെ പേര് /നമ്പർ | ചെലവ് വിവരങ്ങൾ (ബിൽ നം./ തീയതി) | അടങ്കൽ | മുൻകൂർ | |
|---|---|---|---|---|
| വാർഡ് -12 ലെ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ ( No- 163/20) | 28/28-2-20 : 40000 രൂപ 29/28-2-20 : 38934 രൂപ | 78,934 | 78,934 | അക്കൌണ്ട് ട്രാൻസ്ഫർ -കെ.എസ്.ഇ.ബി -67034849265 |
| പി.എച്ച്.സിയുടെ കവാടം വൈദ്യുതീകരണം ( N0-60/20) | 39/19-20 : 50,000 | 50,000 | 50,000 | ഹെഡ്- 8443-00-108-Pw |

ഈ തുകകൾ മുൻകൂർ എന്ന നിലക്കായിരുന്നില്ല വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയത്. ആയതിനാൽ ഇവയുടെ വിനിയോഗം മുൻകർ രജിസ്റ്റർ, B-18 പട്ടിക എന്നിവയിലൂടെ നിരീക്ഷിക്കാനാകുമായിരുന്നില്ല. എന്നാൽ ഓഡിറ്റ് നിർദ്ദേശിച്ചതിനെ തുടർന്ന് വിവരങ്ങൾ മുൻകൂർ രജിസ്റ്റർ,

B-18 പട്ടിക എന്നിവയിൽ ഉൾപ്പെടുത്തി. പ്രവർത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നതുവരെ(78934+50000) 128934/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2,88,280 | നെൽകൃഷി പ്രോത്സാഹനം കൂലി ചെലവ് സബ്സിഡി | 2,88,280 | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 7,52,740 | ലൈഫ് ഭവന പദ്ധതി | 7,52,740 | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 6,30,200 | ലൈഫ് മിഷൻ പദ്ധതിക്ക് ധനസഹായം( എസ്.സി.പി.) | 6,30,200 | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 9,20,000 | ഭൂമിയുള്ള എസ്.സി ഗുണഭോക്താക്കൾക്ക് ഭവനം | 9,20,000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,00,000 | പാലിന്ന സബ്സിഡി | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 50,000 | അഗതി ആശ്രയ വീട് നവീകരണം | 50,000 | 0 |
| ജില്ലാപഞ്ചായത്ത് | 2019-20 | 7,00,000 | നെൽകൃഷി പ്രോത്സാഹനം കൂലി ചെലവ് സബ്സിഡി | 7,00,000 | |

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.തുക ചെലവഴിച്ചതിന്റെയുംബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം/വൌച്ചർ നം | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | പി.എച്ച്.സി കവാടത്തിന് വൈദ്യുതി കണക്ഷൻ | | 50,000 | 50000 | ഇല്ല |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കുവാൻ അവശേഷിക്കുന്ന വായ്പതുകയുടെയും വിവരം താഴെ ചേർത്തിരുക്കുന്നു.

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം. തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | 1-1-2019 ലെ LFS /11/18 | 13,00,000 | 71,60,000 | 7,94,118 | | 76,65,882 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്-23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 4-12 | 2011-12 | 4-12 | വനിതാ തൊഴിൽ പരിശീലനപദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 29-08-19 ലെ അദാലത്തിൽ പരാമർശം പരിഹരിക്കുന്നതിനുള്ള അധിക വിവരം നൽകിയിട്ടുണ്ട്. |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,59,86,193 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,67,10,652 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,49,880 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 44,700 | ശ്രീമതി എ.സി ലീല, ഹെഡ്മിസ്ട്രസ് |
| 1-17 | 1,67,155 | ഡോ.പ്രദീപ് കുമാർ, മെഡിക്കൽ ഓഫീസർ |
| | 1,09,091 | ഡോ. കൊച്ചുത്രേസ്യ, മെഡിക്കൽ ഓഫീസർ |
| 1-21 | 1,00,000 | ശ്രീമതി മഞ്ജുഷ.എൻ.എസ്, കൃഷി ഓഫീസർ |
| 1-24 | 1,28,934 | ശ്രീമതി ആർ.ശ്രീല, സെക്രട്ടറി |
| ആകെ | 5,49,880 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

1-19 : CGST-4485

SGST-4485

KCWWF-4485

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ആർ.ശ്രീല, സെക്രട്ടറി | സെക്രട്ടറി,<br>പുലിയൂർ ഗ്രാമപഞ്ചായത്ത് | തോണ്ടലിൽ,<br>കൊല്ലകടവ്.പി.ഒ., ചെങ്ങന്നൂർ |
| ശ്രീമതി മഞ്ജുഷ.എൻ.എസ്., കൃഷിഓഫീസർ | കൃഷി ഓഫീസർ,<br>പുലിയൂർ ഗ്രാമപഞ്ചായത്ത് | ഐശ്വര്യ, ചെറിശ്ശേരി, ചെങ്ങന്നൂർ |
| ശ്രീമതി.എ.സി.ലീല | ഹെഡ് മിസ്ട്രസ്സ്<br>എൽ.പി.സ്കൂൾ, തോന്നക്കാട് | രാകേഷ് ഭവനം<br>ആല.പി.ഒ<br>പേരിശ്ശേരി |
| ഡോ.പ്രദീപ് കുമാർ, മെഡിക്കൽ ഓഫീസർ | ലഭ്യമാക്കിയില്ല | പതിപ്പള്ളി ഗാർഡൻ,<br>തേവലപുരം ഈസ്റ്റ് .പി ഒ |
| ഡോ.കൊച്ചുത്രേസ്യ, മെഡിക്കൽ ഓഫീസർ | ലഭ്യമാക്കിയില്ല | അറക്കൽ വീട്, കലവൂർ പി.ഒ, ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ 8/1159/00/30.11.2000/08.02.2001 |
| 1997-98 | എൽ.എഫ്.ജി.എ5/1832/11 തീയതി 25.01.2012 |
| 1998-99(ചെലവ്) | എൽ.എഫ്.ജി.എ 5/1832/11 തീയതി 30.01.2012 |
| 2003-04 | എൽ.എഫ്.ജി.എ 5/1832/11 തീയതി 30.01.2012 |
| 2004-05 | എൽ.എഫ്.ജി.എ 5/1577/13(B) തീയതി 21.05.2014 |
| 2005-06 | എൽ.എഫ്.ജി.എ 5/1577/13 തീയതി 20.05.2014 |
| 2006-07,2008-09 | എൽ.എഫ്.ജി.എ 5/1577/13 തീയതി 21.05.2014 |
| 2007-08 | എൽ.എഫ്.ജി.എ 5 1577/13 തീയതി 20.05.2014 |
| 2009-10 | എൽ.എഫ്.ജി.എ 5 /1577/13 തീയതി 21.05.2014 |
| 2010-11,2011-12 | എൽ.എഫ്.ജി.പി 5 /195/14 തീയതി 22.05.14/04.07.2014 |
| 2012-13 | എൽ.എഫ്.ജി.പി 5 /201/15 തീയതി 04.08.2015 |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി5/199/2016 തീയതി 22.03.2016 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി12/821/2016 തീയതി 26.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി12/1265/2016 തീയതി 16.11.2016 |
| | |

| | |
|---|---|
| 2016-17 | കെഎസ്.എ-എ.എൽ.പി-പി12/1065/2017 തീയതി 19.08.2017 |
| 2017-18 | കെഎസ്.എ-എ.എൽ.പി-പി12/1495/2018 തീയതി 04.12.2018 |
| 2018-19 | കെഎസ്.എ-എ.എൽ.പി-പി12/185/2020 തീയതി 22.05.2020 |

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്